# KERALA STATE ELECTRICITY REGULATORY COMMISSION

പത്രക്കുറിപ്പ്

**വൈദ്യുതി സർച്ചാർജ്; കമ്മീഷൻ ഉത്തരവായി**

യൂണിറ്റൊന്നിന് 25 പൈസ വൈദ്യുതി ഇന്ധന സർച്ചാർജായി അനുവദിച്ച് റെഗുലേറ്ററി കമ്മീഷൻ ഉത്തരവു പുറപ്പെടുവിച്ചു ആറുമാസക്കാലം ഇത് ഈടാക്കാവുന്നതാണ്. 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള അധിക ബാധ്യത 161.23 കോടി രൂപയ്ക്കുള്ള യാണ് ഇന്ധന സർച്ചാർജായി ഏർപ്പെടുത്താൻ ബോർഡ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കമ്മീഷൻ ഇത് 150.29 കോടിയായി നിജപ്പെടുത്തി.

2009 ഒക്ടോബർ മുതൽ 2010 സെപ്റ്റംബർ വരെയുള്ള ഒരു വർഷത്തെ കാലയളവിൽ ഇന്ധനവില വർദ്ധനമൂലമുണ്ടായ അധിക ബാധ്യതയായി കമ്മീഷൻ അംഗീകരിച്ചത് 381.42 കോടി രൂപയാണ്. ഈ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കാതെ 2010-2011 വർഷത്തെ ബോർഡിന്റെ അധിക വരുമാനമായ 350.57 കോടി രൂപയിൽ നിന്നും കുറവു ചെയ്തിരുന്നു. ബാക്കി തുകയായ 30.85 കോടി രൂപയും 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള കാലയളവിലെ കമ്മീഷൻ നിജപ്പെടുത്തിയ 150.29 കോടി രൂപയും ചേർത്ത് ആകെ 181.14 കോടി രൂപ സർചാർജായി ഈടാക്കുവാനാണ് കമ്മീഷൻ അനുമതി നൽകിയിരിക്കുന്നത്.

ഇന്ധന സർച്ചാജായി യൂണിറ്റ് ഒന്നിന് 25 പൈസ വീതം ആഗസ്റ്റ് 1 മുതൽ ആറു മാസത്തേയ്ക്കുള്ള ഉപഭോഗത്തിനാണ് ഈടാക്കേണ്ടത്. ഇരുപതു യൂണിറ്റുവരെ പ്രതിമാസ ഉപഭോഗമുള്ള 500 വാട്ടിൽ താഴെ കണക്റ്റഡ് ലോഡ് ഉള്ള ഗാർഹിക ഉപഭോക്താക്കളെ സർച്ചാജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മറ്റ് എല്ലാ വിഭാഗക്കാർക്കും സർച്ചാർജ് ബാധകമാണ്.

ഇന്ധന സർച്ചാർജായി ഈടാക്കുന്ന തുകയുടെ വിവരങ്ങൾ കൃത്യമായി ബില്ലിൽ രേഖപ്പെടുത്തുന്നതിനും കമ്മീഷൻ ലൈസൻസികളോട് നിർദ്ദേശിച്ചിട്ടുണ്ട്. പിരിച്ചെടുക്കുന്ന തുകയുടെ കൃത്യമായ കണക്കുകൾ മാസംതോറും കമ്മീഷനു ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഉത്തരവ് കമ്മീഷന്റെ വെബ് സൈറ്റിൽ (www.erckerala.org) ലഭ്യമാണ്.

സെക്രട്ടറി

കെ. ചന്ദ്രശേഖര ബാബു I.A.S (Rtd)